പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 129 **12-10-2026-ൽ മറുപടിയ്ക്ക്**

ചരക്ക് സേവന നികുതി വരുമാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ജി.എസ്.ടി. നഷ്ടപരിഹാരം (GST compensation) പൂർണ്ണമായി നിലച്ചതിനു ശേഷം കേരളത്തിന് വാർഷിക വരുമാനത്തിലുണ്ടായ കുറവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: 2017 ൽ ജി.എസ്.ടി. നിലവിൽ വന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.

പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കി ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും, സാമ്പത്തിക വർഷാവസാനം Comptroller and Auditor general ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകളുമായി താരതമ്യപ്പെടുത്തി അന്തിമമാക്കുകയും ചെയ്യുന്നതിനായി വ്യവസ്ഥ ചെയ്തിരുന്നു. ഇപ്രകാരം നൽകിവന്നിരുന്ന നഷ്ടപരിഹാരം 2022 ജൂൺ മാസത്തോടു കൂടി അവസാനിച്ചു. സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷൻ ഇനത്തിൽ 43,785.57 കോടി രൂപ ലഭിച്ചിട്ടുണ്ട്.

നാളിതുവരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുകയുടെ വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.

സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാന വളർച്ചാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.

ജി.എസ്.ടി. തനത് നികുതി വർദ്ധിപ്പിക്കാനായി 2023 ലെ വകുപ്പ് പുന:സംഘടനയുടെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി (SGST) വകുപ്പ് സമഗ്രമായ പരിഷ്കാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിനെ ടാക്സ് പേയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളായി പുന:സംഘടിപ്പിക്കുകയും ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഡെഡിക്കേറ്റഡ് ഓഡിറ്റ് ടീമുകളെ സജ്ജമാക്കുകയും ചെയ്തു. കൂടാതെ, BIFA, ജി.എസ്.ടി. പ്രൈം, ഇ-വേ ബിൽ അനലിറ്റിക്സ് പോർട്ടൽ എന്നിവ വഴി 'റിസ്ക് സ്കോർ' കണക്കാക്കി

പരിശോധനകൾ നടത്തുകയും, ANPR ക്യാമറകൾ ഉപയോഗിച്ച് വാഹനപരിശോധന ശക്തമാക്കുകയും സ്വർണ്ണത്തിന് ഇ-വേ ബിൽ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്.

പഴയ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി ജില്ലാതല ഓഫീസുകളിൽ പ്രത്യേക റവന്യൂ റിക്കവറി വിങ് രൂപീകരിച്ചുകൊണ്ട് കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

വ്യാപാരികൾക്ക് പഴയ കുടിശ്ശികകൾ പലിശ/പിഴ ഇളവുകളോടെ അടച്ചുതീർക്കാൻ ആംനെസ്റ്റി പദ്ധതികൾ (Amnesty Schemes) നടപ്പിലാക്കി വരുമാനം സമാഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ ബാധകമായ ടേൺ ഓവർ പരിധി കഴിഞ്ഞിട്ടും നികുതി നെറ്റ് വർക്കിൽ വരാത്തവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും നികുതി അടപ്പിക്കുന്നതിനും ആവശ്യമായ നടപടികളും ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തിന്റെ തനത് ജി.എസ്.ടി. വരുമാന വളർച്ചാ നിരക്ക് (SGST growth rate) കഴിഞ്ഞ സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് എത്രമാത്രമാണ് വർദ്ധിച്ചത് എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാന വളർച്ചാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു.

(സി) സംസ്ഥാനത്ത് ഇനിയും പിരിച്ചെടുക്കാനുള്ള ആകെ ജി.എസ്.ടി. കുടിശ്ശിക എത്രയാണ്; ഇത് സമയബന്ധിതമായി ഈടാക്കുന്നതിന് എസ്.ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികൾ എന്തൊക്കെയാണ്;

<u>മറുപടി:</u> 2026-27 (30.06.2026 വരെ) സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം അഡ്ജൂഡിക്കേഷനിൽ നിന്നും നേടിയെടുത്ത അഡീഷണൽ ഡിമാൻഡ് 6507.57 കോടി രൂപയാണ്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 4316.81 കോടി രൂപയും സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളത് 1886.24 കോടി രൂപയും മറ്റു നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 304.52 കോടി രൂപയുമാണ്.

2026-27 (30.06.2026 വരെ) സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം അസ്സസ്മെന്റിൽ നിന്നും നേടിയെടുത്ത അഡീഷണൽ ഡിമാൻഡ് 1557.16 കോടി രൂപയാണ്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 1144.59 കോടി രൂപയും സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളത് 401.07 കോടി രൂപയും മറ്റു നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 11.50 കോടി രൂപയുമാണ്. ടി വിവരങ്ങൾ അനുബന്ധമായി (അനുബന്ധം-4) ചേർക്കുന്നു.

നികുതി കുടിശ്ശിക സമയബന്ധിതമായി പിരിക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് പ്രത്യേക അരിയർ റിക്കവറി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസുകളിൽ പ്രവർത്തിക്കുന്ന ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട കേസുകൾ റവന്യൂ വകുപ്പിന് ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. അപ്പീലുകൾ, കോടതി വ്യവഹാരങ്ങൾ എന്നിവയിൽ ഉൾപ്പെട്ട കേസുകൾ കൃത്യമായി നിരീക്ഷിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. അപ്പീലുകൾ തീർപ്പാക്കുകയോ സ്റ്റേ ഉത്തരവുകളുടെ കാലാവധി

അവസാനിക്കുകയോ ചെയ്താൽ കാലതാമസം കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(ഡി) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ വഴി വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) തട്ടിപ്പുകൾ നടത്തുന്ന സംഘങ്ങൾ ഉണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതു കാരണം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ?

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വ്യാജ രജിസ്ട്രേഷനുകൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തുക, തടയുക എന്നീ ലക്ഷ്യത്തോടെ കേരള സംസ്ഥാന ജി.എസ്.ടി. വകുപ്പിന് കീഴിൽ Fake Registration Detection Cell (FRDC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ സംസ്ഥാനത്തുടനീളം ഏകദേശം 331 പരിശോധനകൾ റിപ്പോർട്ട് ചെയ്യുകയും ഇതിൽ 140 എണ്ണം വ്യാജ സ്ഥാപനങ്ങളാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ, സാങ്കേതികവിദ്യയുടെ പിന്തുണയോടെയും ലക്ഷ്യബദ്ധമായ അന്വേഷണ നടപടികളിലൂടെയും വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ, ഫേക്ക് ഇൻവോയ്സിംഗ് എന്നിവ തടയുന്നതിനായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി "Operation Palm Tree" എന്ന പേരിൽ സംസ്ഥാനത്തുടനീളം 85 സ്ഥലങ്ങളിൽ പരിശോധനകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മൂന്ന് അറസ്റ്റുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. സംവിധാനം നിലവിൽ വന്നതിനുശേഷം കേരള സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടത്തിയ ആകെ 15 അറസ്റ്റുകളിൽ 12 എണ്ണവും വ്യാജ Input Tax Credit (ITC) ഉൾപ്പെട്ട കേസുകളുമായി ബന്ധപ്പെട്ടവയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക സംബന്ധിച്ച വിവരങ്ങൾ

സാമ്പത്തിക വർഷം	ലഭിച്ച ജി.എസ്.ടി. നഷ്ട പരിഹാര തുക (കോടിയിൽ)
2017–18 (ജൂലൈ മുതൽ)	1772
2018–19	2884
2019–20	5575.04
2020–21	12487.38
2021–22	12594.86
2022–23	7245.97
2023–24	737.88
2024–25	66.89
2025–26	421.55
Total	**43785.57**

അനുബന്ധം – 2

സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാന വളർച്ചാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ

സാമ്പത്തിക വർഷം	ജി.എസ്.ടി. വരുമാനം*	വർദ്ധനവ്
2017–18	12007.69	
2018–19	21014.71	75.01%
2019–20	20446.95	-2.70%
2020–21	20028.31	-2.05%
2021–22	24169.81	20.68%
2022–23	29513.28	22.11%
2023–24	30563.60	3.56%
2024–25	32314.70	5.73%
2025–26 **	34208.65	5.86%
2026–27 സെപ്റ്റംബർ വരെ **	19661.40	19.34%

*2017–18 മുതൽ 2024–25 വരെയുള്ള വരുമാനത്തിന്റെ വിവരങ്ങൾ സംസ്ഥാന ബജറ്റ് രേഖകൾ പ്രകാരം

** പ്രൊവിഷണൽ

സെക്ഷൻ ഓഫീസർ